# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1648/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1648/22 തീയ്യതി: 17/02/2023

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 05-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണികിഴക്കീൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ.മനോജ്കുമാർ.ടി.ജോർജ്ജ് (അസി.ഓഡിറ്റ് ഓഫീസർ)

ശ്രീമതി.സബിത.കെ ,ഓഡിറ്റർ

ശ്രീമതി .ധന്യ.എം.വി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ.എഫ്.അലക്സാണ്ടർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബാബുരാജ്.എം.പി | സെക്രട്ടറി | 01-04-2021 | 31-08-2021 |
| ശ്രീമതി.സുജാത നെപ്പോളിയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2021 | 23-09-2021 |
| ശ്രീ.വിനോദ് കുമാർ.കെ | സെക്രട്ടറി | 24-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.വിശ്വലക്ഷ്മി.എൽ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എം.കെ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 08-08-2021 |
| ശ്രീമതി.അനിത.സി.ടി | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 09-08-2021 | 16-12-2021 |
| ശ്രീ.രാജേഷ്.എം.കെ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 17-12-2021 | 31-03-2022 |
| ശ്രീമതി.നീതു.എം.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 03-12-2021 |
| ശ്രീമതി.മായാജ്യോതി.എൻ.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-12-2021 | 31-03-2022 |
| ശ്രീമതി.സുജാത നെപ്പോളിയൻ | അസി.സെക്രട്ടറി | 01-04-2021 | 11-01-2022 |
| ശ്രീ.രമേശൻ | അസി.സെക്രട്ടറി | 12-01-2022 | 02-02-2022 |
| ശ്രീ.രമാദേവി.ഇ.ബി | അസി.സെക്രട്ടറി | 03-02-2022 | 31-03-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ.വി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ്.ടി.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.അനീസ്.കെ.വി | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-04-2021 | 21-07-2021 |
| ഡോ.സന്ദീപ്.കെ.സുകുമാരൻ | മെഡിക്കൽ | 22-07-2021 | 30-11-2021 |

| | | | |
|---|---|---|---|
| | ഓഫീസർ,എഫ് എച്ച് സി | | |
| ഡോ.നിഖിൽ ടോം ജോസഫ് | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-12-2021 | 21-02-2022 |
| ഡോ.സന്ദീപ്.കെ.സുകുമാരൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 22-02-2022 | 31-03-2022 |
| ശ്രീമതി ബബിത എ.വി. | വി.ഇ.ഒ., പുളിങ്ങോം സർക്കിൾ | 01-04-2021 | 08-06-2021 |
| ശ്രീ.സുരേന്ദ്രൻ കെ.വി. | വി.ഇ.ഒ., പുളിങ്ങോം സർക്കിൾ | 09-06-2021 | 09-08-2021 |
| ശ്രീ.പ്രജീഷ് കൃഷ്ണൻ | വി.ഇ.ഒ., പുളിങ്ങോം സർക്കിൾ | 10-08-2021 | 17-08-2021 |
| ശ്രീ.രതീഷ് എ | വി.ഇ.ഒ., പുളിങ്ങോം സർക്കിൾ | 18-08-2021 | 31-03-2022 |
| ശ്രീമതി സിന്ധു എം. | വി.ഇ.ഒ., വയക്കര സർക്കിൾ | 01-04-2021 | 08-06-2021 |
| ശ്രീമതി സബിത എം.പി. | വി.ഇ.ഒ, വയക്കര സർക്കിൾ | 09-06-2021 | 26-07-2021 |
| ശ്രീ.പ്രജീഷ് കൃഷ്ണൻ | വി.ഇ.ഒ, വയക്കര സർക്കിൾ | 27-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്. അവലോകനം | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമസഭ | 1-10 |
| 13 | ബസ്സ്റ്റാന്റ് ഫീസ് വരവ് - തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. | 1-11 |
| 14 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട് | 1-12 |
| 15 | വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 16 | വസ്തു നികുതി നിർണ്ണയതിലെ അപാകതകൾ | 1-14 |
| 17 | ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുന്നില്ല | 1-15 |
| 18 | സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-16 |
| 19 | ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-17 |
| 20 | ഒരേ വണ്ടി തന്നെ രണ്ട് ആവശ്യങ്ങൾക്കു വേണ്ടി ഒരേ ദിവസങ്ങളിൽ ഓടിയത് - 6200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 21 | നിലാവ് പദ്ധതിക്കുവേണ്ടി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 22 | ഘടക സ്ഥാപനങ്ങൾക്ക്സോളാർ സംവിധാനമൊരുക്കൽവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-20 |
| 23 | മരുന്നുകൾ ലഭ്യമാക്കാത്തത് | 1-21 |
| 24 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹260336 യുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-22 |

| | | |
|---|---|---|
| 25 | താർ ബാരലിന്റെ ജി.എസ്.റ്റി . ഒടുക്കുന്നില്ല. | 1-23 |
| 26 | മരാമത്ത് പ്രവർത്തികൾ- തുക കൈമാറിയത് ശരിയായ രീതിയിലല്ല | 1-24 |
| 27 | ലൈഫ് ഭവന നിർമ്മാണം ( എസ്.സി)- അപാകങ്ങൾ | 1-25 |
| 28 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ്ടി-ടിഡിഎസ് കുറവ് ചെയ്യിട്ടില്ല | 1-26 |
| 29 | തട്ടുമ്മൽ കൊപ്രാ ഡ്രയർ -നിഷ്ക്രിയ ആസ്തിയായി പരിണമിക്കുന്നു. | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 22-02-2021 തീയതിയിലെ 6/21 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30-03-2022 തീയതിയിലെ 2/2022 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 6061083 | 2131918 |
| വരവ് | 394026000 | 3231025260 |
| ആകെ | 400087083 | 323157178 |
| ചെലവ് | 394379972 | 311553045 |
| നീക്കിയിരിപ്പ് | 5707111 | 11604133 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 25.04.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്

1) ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി2 ഷെഡ്യൂളിൽ 14068 രൂപയും ബി17 , ആർ.പി40 (ബി) ഷെഡ്യൂളുകളിൽ 12968 രൂപയുമാണ്. 1100 രൂപ അക്കൗണ്ട് മാറി ഒടുക്കിയതു കൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായത്.

2) ബി4 ഷെഡ്യൂളിൽ 320800101 Beneficiary Contributions എന്ന ഹെഡ്ഡിൽ ₹ 5,39,315 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

3) ബി4 ഷെഡ്യൂളിൽ തന്നെ 320700104 എന്ന ഹെഡ്ഡിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ഇനത്തിൽ ₹ 500000 എന്ന തുക 2019-20 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കാനം വയൽ ഇടക്കോളനി ഫൂട്ട്ബ്രിഡ്ജിനു വേണ്ടി ലഭിച്ച തുകയാണ്. 320700305 എന്ന ഹെഡ്ഡിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭിച്ച ₹21146 എന്ന തുക 2012-13ൽ എസ്.സി. ശ്മശാനം ഗ്രൗണ്ട് മതിൽ നിർമ്മാണത്തിനു വേണ്ടി ലഭിച്ച തുകയാണ്. പ്രസ്തുത തുകകൾ വിനിയോഗിക്കാതെ സൂക്ഷിക്കുന്ന നടപടി ശരിയല്ല.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് എ.സി.ആറും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സി.എഫ്. സി. ടൈഡ് ഇനത്തിൽ ലഭിച്ച 3927000 വാർഷിക ധനകാര്യ പത്രികയിൽ അൺ ടൈഡ് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയത്. ബി4ലെ ബാലൻസ് തുകയിലും ഇതു കാരണം പിശക് സംഭവിച്ചിട്ടുണ്ട്.ഈ അപാകം ഉടൻ പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നു വരുന്ന വർഷത്തിൽ ഫണ്ട് മാറി ചെലവ് നടക്കാൻ സാധ്യതയുണ്ട്.

5) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങളുടെ വരവ് ചെലവുകൾ വ്യക്തമായി പരാമർശിക്കുന്ന എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

6) ബി-15 ,ഷെഡ്യൂളിൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ രേഖപ്പെടുത്തിയ തുകയ്ക്ക് ആനുപാതികമായ തുകയല്ല ലൈബ്രറി സെസ്സായി രേഖപ്പെടുത്തിയിട്ടുള്ളത്.

7)2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

8)ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) എംജി.എൻ.ആർ.ജി.എസ് വരവു ചെലവുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10) ഡെപ്പോസിറ്റുകളുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

I) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 340109901 Other Deposit എന്ന ഹെഡ്ഡിലെ നീക്കിയിരിപ്പ് 484581 ആണ്. (377291+22500+84790) എന്നാൽ ബി7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 712265 ആണ്.

Ii) 340100202 Suppliers Security Deposit എന്ന ഹെഡ്ഡിൽ ബി7 ഷെഡ്യൂളിൽ 71663 ആണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ 76452 രൂപ ബാധ്യതയായി ചേർത്തിട്ടുണ്ട്.

Iii) 340200107 Election Deposit (Candidate) എന്ന ഹെഡ്ഡിലെ 92,500 രൂപ,340200199 എന്ന ഹെഡ്ഡിലെ Other Deposits Revenue എന്ന ഹെഡ്ഡിലെ 2,50,000 രൂപയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.

Iv) കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ ലാപ്സ്ഡ് ഡെപ്പോസിറ്റായി മുതൽ കൂട്ടിയിട്ടില്ല.

11) 460500501 Advance To Implementing Officers എന്ന ഹെഡ്ഡിൽ ബി18 ഷെഡ്യൂളിൽ 438103 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ 17914 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

12) 2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നിലാവ് പദ്ധതിക്ക് വേണ്ടി "സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ" എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നമ്പർ-S0302/22) നിർവഹണത്തിന്റെ ഭാഗമായി 1414100 രൂപ കെ.എസ്.ഇ.ബി.(ഇലക്ട്രിക്കൽ സെക്ഷൻ ,ചെറുപുഴ)ക്ക് കൈമാറിയിരുന്നു. പ്രസ്തുത തുകയ്ക്ക് ഇതേ വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ ബി18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

13) ജില്ലാ സഹകരണ ബാങ്കിലുള്ള ഇ.എം.എസ്. പദ്ധതി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 455068 ആണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാലൻസ് 388355 ആണ്. റീകൺസീലിയേഷൻ പത്രിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21234987.23 |
| വരവ് | 141650143.00 |
| ആകെ | 162885130.23 |
| ചെലവ് | 127828545 |
| നീക്കിയിരിപ്പ് | 35056585.23 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 6200 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 28348878 | 28348878 | 28121000 | 227878 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 1647038 | 1647038 | 1618000 | 29038 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 2870797 | 2870797 | 2626000 | 244797 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 18922802 | 18922802 | 12948174 | 5974628 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 11180970 | 11180970 | 7753140 | 3427830 |
| സെൻട്രൽ | - | 6475309+ | 6549565 | 5691485 | 858080 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | | 74256 പലിശ | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 15466156 | 15466156 | 4302219 | 11163937 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 222219.27 | 102251064 | 102473283 | 102450165 | 23118.27 |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം | 1015463 | 1042701 | 2058164 | 1787500 | 270664 |
| എം.പി.ഫണ്ട് | 14906 | 404 | 15310 | - | 15310 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| അഗതി രഹിതകേരളം ചലഞ്ച് ഫണ്ട് | - | 1653045 | 1653045 | - | 1653045 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2089973 | 0 | 2089973 | 1632814 | 457159 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 6473401 | 2083000 | 8556401 | 6550000 | 2006401 |
| വിമുക്തി | 22580 | - | 22580 | - | 22580 |
| ആരോഗ്യ കേരളം | 197758 | - | 197758 | - | 197758 |
| ശിശു സൗഹാർദ ടോയിലറ്റ് | 12000 | - | 12000 | - | 12000 |
| കിഫ്ബി | 76315 | - | 76315 | - | 76315 |
| കെ.എസ്.എഫ്.ഇ. ഇ ഓൺലൈൻ വിദ്യാസഹായി | 40000 | - | 40000 | | 40000 |
| കൃഷി അവാർഡ് | 100000 | - | 100000 | - | 100000 |
| നിർമൽ പുരസ്കാർ | | | | | |
| കാനം വയൽ ഇടക്കോളനി പാലം | 500000 | - | 500000 | - | 500000 |
| കാനം വയൽ സാംസ്കാരിക നിലയം | 1585820 | - | 1585820 | - | 1585820 |
| പൈക്ക | 81228 | 2216 | 83444 | 0 | 83444 |
| സാക്ഷരത | 37225.96 | 1608 | 38833.96 | 0 | 38833.96 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് എ.സി.ആറും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. പ്രകാരമുള്ള തുകകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 218 | 153797056 | 176 | 87024603 | 1 | 175 | 42 | 80.27 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 3729460 | 9 | 3090180 | 9 | 82.86 |
| 2 | വെറ്റിനറിസർജൻ | 3284153 | 7 | 1331753 | 6 | 40.55 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 6472088 | 13 | 4787682 | 12 | 73.97 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 500000 | 1 | 500000 | 1 | 100 |
| 5 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ | 58450702 | 24 | 26398579 | 22 | 45 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9222714 | 6 | 7956784 | 5 | 86.27 |
| 7 | സെക്രട്ടറി | 9959304 | 28 | 9713141 | 27 | 97.52 |
| 8 | അസിസ്റ്റന്റ്എഞ്ചിനീയർ | 53142294 | 112 | 28024836 | 80 | 52.74 |
| 9 | അസിസ്റ്റന്റ്സെക്രട്ടറി | 2986364 | 12 | 1787989 | 8 | 59.87 |
| 10 | ഹെഡ്മാസ്റ്റർ | 679930 | 2 | 679550 | 2 | 99.94 |
| 11 | ക്ഷീര വികസന ഓഫീസർ | 3150000 | 1 | 2285500 | 1 | 72.55 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2220047 | 3 | 468609 | 3 | 21.10 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 222219.27 | 1016407 | 1238626 | 1215508 | 23118.27 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | . | 101234657 | 101234657 | 101234657 | . |
| ആകെ | 222219.27 | 102251064 | 102473283 | 102450165 | 23118.27 |

### 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ്. അവലോകനം

ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആക്ഷൻ പ്ലാൻ പ്രകാരം 603 പദ്ധതികൾക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇവയിൽ 538 പദ്ധതികൾ ഏറ്റെടുത്തതിൽ 177 എണ്ണമാണ് പൂർത്തീകരിച്ചത്. 309 കുടുംബങ്ങൾ തൻ വർഷം പദ്ധതിയിൽ പുതുതായി രജിസ്റ്റർ ചെയ്തു. 2021-22ൽ

ആകെ 155555 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 777 കുടുംബങ്ങൾക്കാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചു പ്രകാരമുള്ള പ്രവർത്തികളിൽ ഇപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല.

2) പദ്ധതി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നില്ല.

3) പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല.

പദ്ധതി നിർവഹണം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 11975800 | 745 |
| വിധവാ പെൻഷൻ | 16877000 | 1085 |
| വാർധക്യകാല പെൻഷൻ | 45274300 | 3074 |
| വികലാംഗ പെൻഷൻ | 6167800 | 402 |
| അവിവാഹിത പെൻഷൻ | 1017900 | 67 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22568രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

തൻ വർഷം ആകെ 6 പ്രാവശ്യമാണ് ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന യോഗത്തിൽ നികുതി പിരിവ്, സെക്ഷനിലെ പെൻറിംഗ് ജോലികൾ,ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസങ്ങളിലും യോഗം ചേരുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജീവനക്കാരുടെ ഓഫീസ് ജോലികളിൽ പുന:ക്രമീകരണം വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുവഴി ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും വിവരങ്ങൾഅറിയുവാനുള്ള അവകാശങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൻവർഷം ബസ് സ്റ്റാൻറ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തിട്ടില്ലാത്തതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. കാലഹരണപ്പോട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ ആകെ 19 വാർഡുകളാണ് ഉള്ളത്. എല്ലാവാർഡുകളിലും ഒരു തവണ യോഗം ചേർന്നിട്ടുണ്ട്. 2021-22 പദ്ധതി അവലോകനം, 2022-23 പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട്, വികസന രേഖ തയ്യാറാക്കൽ, അതി ദരിദ്ര നിർണ്ണയ പട്ടിക അംഗീകരിക്കൽ, മഹാത്മാഗാന്ധി തൊഴിലുറപ്പപദ്ധതി ഉടങ്ങിയ വിഷയങ്ങൾ ഗ്രാമസഭ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 ബസ്റ്റാന്റ് ഫീസ് വരവ് - തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2021-22 വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ ചെറുപുഴ ബസ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകിയിട്ടില്ല. ഈ ഇനത്തിൽ 2019-20 വർഷം 53500 രൂപയും 2020-21 വർഷം 30763 രൂപയും പഞ്ചായത്തിന് ഈ ഇനത്തിൽ വരവുണ്ട്. 2021-22 വർഷം ബസ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം

ചെയ്ത് നൽകാത്തതിന്റെ കാരണം ലഭ്യമാക്കുന്നതിന് 16-11-22 ന് നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡും ലോക്ഡൌണും കാരണം വാഹനങ്ങളുടെ എണ്ണം കുറവായതിനാലും, പഞ്ചായത്ത് നേരിട്ട് ബസ്സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിന് ആളെ നിയോഗിക്കുന്നതിന് ശ്രമിച്ചെങ്കിലും പിരിഞ്ഞു കിട്ടുന്ന തുക തുച്ഛമായതിനാൽ ആരും ഏറ്റെടുക്കുന്നതിന് തയ്യാറായി വന്നില്ലായെന്നുമാണ് അറിയിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ ചെറുപുഴ ബസ്സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിനും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്

ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 3798 കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 1678 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 1812 |
| 4 | 200 $M^2$വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 5 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 42 |
| 6 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 5 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 238 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 22 |
| | ആകെ | 3798 |

ഓഡിറ്റിനു ലഭ്യമാക്കിയ 2021-22 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 1005 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 2793 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടേണ്ടത് സംബന്ധിച്ച് 17-11-22 ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാണിജ്യ വിവസായ കെട്ടിടങ്ങൾ പലതും ഒഴിഞ്ഞുകിടക്കുന്നവയാണെന്നും വളരെ കുറച്ച് വാണിജ്യ കെട്ടിടങ്ങൾക്ക് മാത്രമാണ് വേക്കൻസി റെമിഷൻ അപേക്ഷ കൃത്യമായി സമർപ്പിക്കാറുള്ളതെന്നും നിലവിൽ പ്രവൃത്തിക്കുന്ന കെട്ടിടങ്ങളുടെ പരിശോധനകൾ വാർഡ് ക്ലാർക്കുമാർ മുഖേന നടത്തി വരുന്നുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാകാനും സാധ്യതയുണ്ട്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം

പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 , സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 20-9-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽപെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തതിൽ റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗത്തിന് ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ നിശ്ചയിച്ചതായി കാണുന്നില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ അടിസ്ഥാന നിരക്ക് നിശ്ചയിക്കാത്തതിനുള്ള കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/15.11.2022) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത ഭരണസമിതിയോഗത്തിൽ തീരുമാനമെടുത്ത് വസ്തുനികുതി ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയതിലെ അപാകതകൾ

ഗ്രാമ പഞ്ചയാത്തിൽ വാർഡ് തലത്തിൽ തയ്യാറാക്കിയ ട്രേഡേർസ് ലിസ്റ്റും, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ താഴെ പറയുന്ന വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പാർപ്പിടാവശ്യം എന്ന ഗണത്തിൽ പെടുത്തിയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നം./വിസ്തീർണ്ണം (ച.മി) | പാർപ്പിടാ വശ്യത്തിന്റെ നിരക്കിൽ ഈടാക്കിയ നികുതി | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|---|---|
| 1 | പായി ജാനു | 1/156 , 72 | 198.00 | പാർപ്പിടാവശ്യം | റേഷൻ കട |
| 2 | തുരുത്തേൽ അഗസ്റ്റിൻ | 1/535, 90 | 55.00 | ,, | ടയർ റീസോളിംഗ് |
| 3 | ചെമ്മഞ്ചേരി പുതിയവീട്ടിൽ കരുണാകരൻ | 15/512 ,30 | 151.00 | ,, | റേഷൻ കട |
| 4 | എലവുങ്കൽ പുരയിടത്തിൽ മുഹമ്മദ് | 14/357, 30 | നികുതി ഒഴിവ് | ,, | സ്റ്റുഡിയോ &സ്റ്റേഷനറി |
| 5 | വാഴവളപ്പിൽ മിസ്രിയ | 6/225 ,118 | 496.00 | ,, | പലചരക്ക് കച്ചവടം |
| 6 | കൊല്ലംപറമ്പിൽ ജോസഫ് | 5/437,30 | 69.00 | ,, | അനാദിക്കട |

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/19-11-22) മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തിയതാണ് എന്നും ലൈസൻസ് ഫീസ് മുൻകൂറായി അടവാക്കുന്നതിന് കൂട്ടത്തോടെ വരുന്ന അപേക്ഷകൾ പരിശോധിക്കാൻ വേണ്ടത്ര സമയം ലഭിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) 2020-21 രണ്ടാം അർദ്ധ വർഷത്തിലെ വരവ് തുക ഒടുക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | വൌച്ചർ നമ്പർ തീയ്യതി, തുക | രസീത് നമ്പർ ,തീയ്യതി |
|---|---|---|
| 2020-21 രണ്ടാം അർദ്ധ വർഷം-271139/- | 22100706/25-11-21 | 35524/29-11-21 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം |
| 2021-22 ഒന്നാം അർദ്ധ വർഷം-95682/- | 22100910/1-2-2022 | 35977/31.01.2022 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം |

മേൽ അപാകങ്ങൾക്ക് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ കാല താമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സർക്കാർ അനുമതിയില്ലാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

26-07-2021ലെ ജി.ഒ.(പി) നമ്പർ 160/2021/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആർജിതാവധി പണമാക്കുന്നത് 1-06-2021 മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്ക് മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിയന്ത്രണം ഇപ്പോഴും തുടർന്നു വരികയാണ്. മേൽ പരാമർശിച്ച ഉത്തരവ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാർടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ ആർജിതാവധി സറണ്ടറിന് അനുമതി ലഭിക്കാത്ത ജീവനക്കാർക്ക് സറണ്ടർ അനുവദിച്ച് തുക അനുവദിച്ചിട്ടുണ്ട്

| ക്രമ നമ്പർ | പേര് /ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി സുജാത നെപ്പോളിയൻ ,അസി.സെക്രട്ടറി | 22100136/08-06-2021 | 59829 |
| 2 | ശ്രീ മുരളീധരൻ പി പി അക്കൗണ്ടന്റ് | 22100136/08-06-2021 | 51837 |
| 3 | ശ്രീ. ജോൺ തോമസ് സീനിയർ ക്ലർക്ക് | 22100136/08-06-2021 | 51837 |
| 4 | ശ്രീ. അജീഷ് ടി കെ സീനിയർ ക്ലർക്ക് | 22100136/08-06-2021 | 49395 |
| 5 | ശ്രീ സജിത കെ സീനിയർ ക്ലർക്ക് | 22100136/08-06-2021 | 49395 |
| 6 | ശ്രീ. ഉമാദേവി സീനിയർ ക്ലർക്ക് | 22100136/08-06-2021 | 41514 |
| 7 | ശ്രീമതി വിജിന കെ ക്ലർക്ക് | 22100136/08-06-2021 | 31909 |
| 8 | ശ്രീമതി കവിത പി ക്ലർക്ക് | 22100136/08-06-2021 | 31053 |

വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ് , സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നല്കിയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (11/16.11.22) മറുപടിയിൽ ആർജിതാവധി സറണ്ടർ മരവിപ്പിച്ച ഉത്തരവ് 26-07-2021-നായിരുന്നു വന്നത് എന്നതു കൊണ്ടാണ് സറണ്ടർ അനുവദിച്ചത് എന്നാണ്. സർക്കാരിന്റെ വ്യക്തമായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ – 13/22

അടങ്കൽ -113200/-തനത് ഫണ്ട്

വൗച്ചർ നമ്പർ /തീയതി,തുക - 22100515/8-10-21-79432/

- 22100827/31-01-22-33768

ആകെ -113200/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 113200/-പ്രവർത്തന ഫണ്ട് ഇനത്തിൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/15.11.22) ഐ.കെ.എം.-ൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന മറുപടി അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ഒരേ വണ്ടി തന്നെ രണ്ട് ആവശ്യങ്ങൾക്ക വേണ്ടി ഒരേ ദിവസങ്ങളിൽ ഓടിയത് - 6200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)

| | |
|---|---|
| പ്രോജക്ട്നമ്പർ ,പേര് | 150/22 , കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ | 40500/-രൂ വികസന ഫണ്ട് (ജനറൽ) |
| ആകെ ചെലവ് | 38683/- |
| ബിൽ നം ,തീയ്യതി,തുക | 3/4-6-21 ,8783/-<br>4/4-6-21 ,4000/-<br>14/ 18 -8-21 ,11550/-<br>20/18 -8-21 ,13650/- |

| | |
|---|---|
| | 41/3-11-21 , 700/- |

മേൽ പദ്ധതി പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കോവിഡ് വാക്സിൻ എടുക്കുന്നതിനും,അതിന് ആവശ്യമായ മരുന്ന് കൊണ്ട് വരുന്നതിനും വണ്ടി ഓടിയ വകയിൽ തോമസ് ബേബി എന്നവർക്ക് (വണ്ടി നമ്പർ KL59F1116) വണ്ടി വാടക ഇനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ വണ്ടി തന്നെ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഭാഗമായി അതെ ദിവസങ്ങളിൽ തന്നെ ഓടിയ വകയിൽ വാടക നൽകിയതായും കാണുന്നു. വിശദവിവരം ചുവടെ

| കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വണ്ടി ഓടിയ വിവരങ്ങൾ | | | | പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഭാഗമായി വണ്ടി ഓടിയ വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|
| പുറപ്പെട്ട സ്ഥലം | തിയ്യതി | നൽകിയ വാടക | പോയ സ്ഥലം | പുറപ്പെട്ട സ്ഥലം | തിയ്യതി | നൽകിയ വാടക | പോയ സ്ഥലം |
| എഫ് എച്ച് സി | 05/4/21 | 700 | പെരിങ്ങോം താലൂക്ക് ആശുപത്രി | എഫ് എച്ച് സി | 05/4/21 | 1000 | കോഴിച്ചാൽ |
| എഫ് എച്ച് സി | 06/5/21 | 1500 | പരിയാരം മെഡിക്കൽ കോളേജ് | | 06/5/21 | 1000 | ചൂരപ്പടവ് |
| ,, | 17/5/21 | 1400 | വാക്സിൻ എടുക്കുന്നതിന് എയ്ൻകല്ല് ,കാനം വയൽ പോയത് | | 17/5/21 | 1000 | കുമ്പൻകുന്ന് |
| ,, | 24/5/21 | 1000 | വാക്സിൻ എടുക്കുന്നതിന്കാനം വയൽപോയത് | | 24/5/21 | 1000 | രാജഗിരി |
| ,, | 21/6/21 | 700 | പെരിങ്ങോം താലൂക്ക് ആശുപത്രി | | 21/6/21 | 1000 | രാജഗിരി |
| ,, | 28/6/21 | 900 | കോഴിച്ചാൽ ,കാനം വയൽ വാക്സിൻ എടുക്കാൻ പോയത് | | 28/6/21 | 1000 | ചൂരപ്പടവ് |
| ആകെ | | 6200 | | | | 6000 | |

ഒരേ വണ്ടി തന്നെ രണ്ട് ആവശ്യങ്ങൾക്കുവേണ്ടി ഒരേ ദിവസങ്ങളിൽ ഓടിയതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/15-11-22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡിന്റെ അതിവ്യാപനം നേരിടുന്ന സമയമായിരുന്നതിനാൽ അന്നേ ദിവസം മറ്റ് വണ്ടികൾ ലഭിക്കാത്തതിനാൽ ആണ് മേൽ വണ്ടി തന്നെ ഉപയോഗിച്ചത് എന്നാണ്.മേൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വണ്ടി ഓടിയ ഇനത്തിൽ ചെലവഴിച്ച 6200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 നിലാവ് പദ്ധതിക്കുവേണ്ടി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്നമ്പർ | 302/22 |
| പേര് | നിലാവ് പദ്ധതിക്കുവേണ്ടി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 364986 – വികസന ഫണ്ട്, പൊതുവിഭാഗം<br>1047200 – ധനകാര്യ കമ്മീഷൻ<br>1914 – തനത് ഫണ്ട്<br>1414100/- |

| | |
|---|---|
| ആകെ ചെലവ് | 1414100 |
| 'ചെലവ് | 393/26.2.22 -364986/-<br>392/26.2.22-1047200/-<br>221001015/28.2.22-1914/- |

ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിന് KSEB എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇലക്ട്രിക്കൽ ഡിവിഷൻ ,പയ്യന്നൂരിന്റെ ചെറുപുഴ എസ് ബി ഐ ശാഖയിലുള്ള ബേങ്ക് അക്കൌണ്ടിലേക്ക് മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം 1414100/-ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 31.3.22 ലെ കരാർ ഉടമ്പടി പ്രകാരം 31.08.22 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എങ്കിലും പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറി നം.8/22 നമ്പർ നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യകുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-20 ഘടക സ്ഥാപനങ്ങൾക്ക്സോളാർ സംവിധാനമൊരുക്കൽവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം,പേര് | 331/22 ,ഘടക സ്ഥാപനങ്ങൾക്ക് സോളാർ സംവിധാനമൊരുക്കൽ |
| അടങ്കൽ | 807400 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ബിൽ നം, തുക | 34/3.3.22, 807400/- |

കുടുംബ ആരോഗ്യ കേന്ദ്രം പുളിങ്ങോം,ജി എൽ പി സ്കൂൾ വാഴക്കുണ്ടം എന്നീ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി യുള്ള മേൽ പ്രോജക്ട് പ്രകാരം 807400 രൂപ ജില്ലാ എഞ്ചിനീയർ അനർട്ട് കണ്ണൂരിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (8/15.11.22) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-21 മരുന്നുകൾ ലഭ്യമാക്കാത്തത്

| | |
|---|---|
